# കേരളസർവകലാശാല

നം.പി.ആർ.202/2021

## പത്രക്കുറിപ്പ്

### ബിരുദ പ്രവേശനം 2021
### ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ്
### കോളേജ് പ്രവേശനം അവസാന തീയതി ഒക്ടോബർ 6

ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി സർവകലാശാല അഡ്മിഷൻ ഫീസ് അടയ്ക്കേണ്ടതാണ്. കോളേജിൽ അഡ്മിഷൻ എടുക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 6 ആണ്. താൽക്കാലിക അഡ്മിഷൻ സൗകര്യം ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ ലഭ്യമല്ല. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവർ ഒക്ടോബർ 6 ന് മുൻപ് കോളേജിൽ ഹാജരായി പെർമനെന്റ് അഡ്മിഷൻ എടുത്തില്ലെങ്കിൽ അവരുടെ അഡ്മിഷൻ ക്യാൻസൽ ആകുന്നതാണ്.

ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് ലഭിച്ചവർ അവർക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ നിർബന്ധമായും ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം അടുത്ത അലോട്ട്മെന്റിൽ ഹയർ ഓപ്ഷനുകൾ പരിഗണിക്കുന്നതും അതിൽ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അത് സ്വീകരിക്കേണ്ടതുമാണ്. പെർമനെന്റ് അഡ്മിഷൻ എടുത്തു എന്നുള്ളതുകൊണ്ട് ഹയർ ഓപ്ഷനുകൾ തനിയെ ക്യാൻസൽ ആകുകയില്ല എന്ന കാര്യം ശ്രദ്ധിക്കണം. അവ വിദ്യാർത്ഥികൾ തന്നെ ക്യാൻസൽ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനിലുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പരീക്ഷാഫലം

കേരളസർവകലാശാല 2021 ഫെബ്രുവരിയിൽ നടത്തിയ ഒന്നും രണ്ടും വർഷ എം.എ. ഹിന്ദി, മ്യൂസിക് 2021 മാർച്ചിൽ നടത്തിയ രണ്ടാം വർഷ എം.എ. ഫിലോസഫി (വിദൂരവിദ്യാഭ്യാസം) സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. സോഷ്യോളജി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഒക്ടോബർ 16 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 മേയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി. ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (328) പ്രോഗ്രാമിന്റെ ഫിസിക്സ് പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 20 ന് അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മേയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി. ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (328) പ്രോഗ്രാമിന്റെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ

പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 26 ന് അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വൈവാ വോസി

കേരളസർവകലാശാല 2021 മേയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.ഡബ്ല്യൂ. (315) പ്രോഗ്രാമിന്റെ വൈവാ വോസി പരീക്ഷ ഒക്ടോബർ 13 മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2021 ഒക്ടോബർ 25 ന് നടത്താനിരുന്ന പി.എച്ച്ഡി. കോഴ്സ് വർക്ക് പരീക്ഷ (പേപ്പർ I – റിസർച് മെത്തഡോളജി), 2021 ഒക്ടോബർ 29 ലേക്ക് മാറ്റിയിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## എസ്.സി., എസ്.ടി. സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനഗവേഷണ വകുപ്പിൽ എൽ.എൽ.എം. പ്രോഗ്രാമിന് 2021 –23 ബാച്ച് അഡ്മിഷന് SC, ST സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2021 ഒക്ടോബർ 7 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം,
05.10.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries examhelpdesk1@keralauniversity,examhelpdesk2@keralauniversity
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**